Australian Government

BE COVIDSAFE

# COVID-19: രോഗലക്ഷണങ്ങൾ തിരിച്ചറിയൽ

20 ജൂൺ 2022

| രോഗലക്ഷണങ്ങൾ | COVID-19<br>രോഗലക്ഷണങ്ങൾ മിതമായത് മുതൽ കഠിനമായത് വരെയാണ് | ജലദോഷം<br>രോഗലക്ഷണങ്ങൾ ക്രമേണ ആരംഭിക്കുന്നു | ഇൻഫ്ലുവൻസ<br>രോഗലക്ഷണങ്ങൾ വളരെ പെട്ടെന്ന് ആരംഭിക്കുന്നു | അലർജികൾ*<br>രോഗലക്ഷണങ്ങൾ പെട്ടെന്നോ ക്രമേണയോ ഉണ്ടാകാം |
|---|---|---|---|---|
| **പനി** | ചില സമയം | അപൂർവ്വം | സാധാരണം | ഇല്ല |
| **ചുമ** | സാധാരണം | സാധാരണം | സാധാരണം | സാധാരണം (ആസ്ത്മ) |
| **തൊണ്ട വേദന** | സാധാരണം | സാധാരണം | ചില സമയം | ചില സമയം (തൊണ്ടയിലും അണ്ണാക്കിലും ചൊറിച്ചിൽ) |
| **ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്** | ചില സമയം | ഇല്ല | ഇല്ല | സാധാരണം (ആസ്ത്മ) |
| **ക്ഷീണം** | സാധാരണം | ചില സമയം | സാധാരണം | ചില സമയം |
| **നോവും വേദനയും** | ചില സമയം | ഇല്ല | സാധാരണം | ഇല്ല |
| **തലവേദന** | സാധാരണം | സാധാരണം | സാധാരണം | ചില സമയം |
| **മൂക്കൊലിപ്പോ മൂക്കടപ്പോ** | സാധാരണം | സാധാരണം | ചില സമയം | സാധാരണം |
| **വയറിളക്കം** | അപൂർവ്വം | ഇല്ല | ചില സമയം, പ്രത്യേകിച്ചും കുട്ടികൾക്ക് | ഇല്ല |
| **തുമ്മൽ** | സാധാരണം | സാധാരണം | ഇല്ല | സാധാരണം |

*WHO, സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (Centers for Disease Control and Prevention), അമേരിക്കൻ അക്കാദമി ഓഫ് അലർജി, ആസ്ത്മ ആൻഡ് ഇമ്മ്യൂണോളജി (American Academy of Allergy, Asthma and Immunology) എന്നിവ നിർമ്മിച്ച മെറ്റീരിയലിൽ നിന്ന് അവലംബിച്ചത്.*

**ശ്വസന സംബന്ധമായ അലർജികളിൽ അലർജിക് റൈനിറ്റിസ് (ഹേ ഫീവർ), അലർജിക് ആസ്ത്മ എന്നിവ ഉൾപ്പെടുന്നു. ഹേ ഫീവറിന്റെ മറ്റ് സാധാരണമായ രോഗലക്ഷണങ്ങളിൽ മൂക്കിലെ ചൊറിച്ചിൽ, കണ്ണിലെ ചിറിച്ചിൽ കണ്ണിൽ നിന്ന് നീരൊഴുക്ക് എന്നിവയാണ്.*

*COVID-19, ഇൻഫ്ലുവൻസ, ജലദോഷം എന്നിവയുടെ രോഗലക്ഷണങ്ങൾ തമ്മിൽ വേർതിരിച്ചറിയാൻ വളരെ ബുദ്ധിമുട്ടാണ്. നിങ്ങൾക്ക് ഏതെങ്കിലും പകർച്ചവ്യാധിയോ ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളോ ഉണ്ടെങ്കിൽ (തൊണ്ടവേദന, തലവേദന, പനി, ശ്വാസതടസ്സം, പേശിവേദന, ചുമ അല്ലെങ്കിൽ മൂക്കൊലിപ്പ് പോലുള്ളവ) രോഗ വ്യാപന സാധ്യത കുറയ്ക്കുന്നതിന് വീട്ടിൽ തന്നെ കഴിയുക. നിങ്ങൾക്ക് ഉപദേശത്തിനായി HealthDirect സിംപ്റ്റം ചെക്കറിന്റെ www.healthdirect.gov.au/symptom-checker/tool എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. ഓർക്കുക, പരിശോധനയിൽ നിങ്ങൾക്ക് COVID-19 പോസിറ്റീവ് ആണെന്ന് കണ്ടെത്തിലാ, ഉടൻ ഐസൊലേറ്റ് ചെയ്യുക.*

*അലർജിക് റൈനിറ്റിസ് (ഹേ ഫീവർ), അലർജിക് ആസ്ത്മ തുടങ്ങിയ ശ്വസന അലർജി രോഗലക്ഷണങ്ങളുള്ള ആളുകൾക്ക്, അപ്രതീക്ഷിതമോ, പതിവിലും വ്യത്യസ്തമോ മോശമോ ആയ രോഗലക്ഷണങ്ങൾ അനുഭവപ്പെടുകയോ, അല്ലെങ്കിൽ അവരുടെ പതിവ് മരുന്നുകളോട് പ്രതികരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, രോഗലക്ഷണങ്ങളുടെ ആരംഭത്തിൽ തന്നെ വീട്ടിലിരുന്ന് COVID-19 പരിശോധന നടത്തണം.*

കൂടുതൽ വിവരങ്ങൾക്ക്, **www.health.gov.au/covid19-translated** സന്ദർശിക്കുകയോ അല്ലെങ്കിൽ **1800 020 080** എന്ന നമ്പറിൽ വിളിക്കുകയോ ചെയ്യുക. സൗജന്യ ദ്വിഭാഷി സേവനങ്ങൾക്ക് ഓപ്ഷൻ **8** തിരഞ്ഞെടുക്കുക.